(ബി) ഓഫീസ് അടിയന്തരമായി പുതിയ മന്ദിരത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കാഞ്ഞിരംകുളം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിൽ കോംപാക്ട് റാക്കുകൾ സ്ഥാപിക്കേണ്ടതായും, വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതായുമുണ്ട്. കൂടാതെ പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിനായി ഓഫീസിലെ ആധാര പകർപ്പുകൾ ഉൾപ്പെടുന്ന വാല്യങ്ങളും ഫർണിച്ചറുകളും, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും മാറ്റേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ല രജിസ്ട്രാർ ഓഫീസ്

269 (3701) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ജില്ല രജിസ്ട്രാർ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) എങ്കിൽ എത്ര തുക പ്രതിമാസം വാടകയിനത്തിൽ ചെലവാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

01-1-2015 മുതൽ 15,840 (പതിനയ്യായിരത്തി എണ്ണൂറ്റി നാൽപ്പത്) രൂപ നിരക്കിൽ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും വാടക കരാർ രജിസ്റ്റർ ചെയ്യാത്തതിനാൽ പുതുക്കിയ വാടക നൽകിയിട്ടില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിന് വയനാട് ജില്ലയിൽ എവിടെയെങ്കിലും സ്വന്തമായി ഭൂമിയുണ്ടോ?

മാനന്തവാടി, വെള്ളമുണ്ട, വൈത്തിരി, സുൽത്താൻബത്തേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിക്കുന്നത് വകുപ്പിന്റെ സ്വന്തം സ്ഥലത്താണ്.

(ഡി) സ്വന്തം സ്ഥലത്ത് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

270 (3702) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly